വിവരാവകാശ നിയമം 2005

ഭരണ ഭാഷ-മാതൃഭാഷ

033761

**GOVERNMENT OF KERALA**

നം.1780186/ഡി1/17/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 23.9.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.മൈക്കിൾ ജോൺ,
കൊന്നയ്ക്കപ്പള്ളി,
അവലൂക്കുന്നു.പി.ഒ, ആലപ്പുഴ

03 OCT 2017

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -വിവരാവകാശ നിയമം, 2005-മറുപടി നൽകുന്നത്- സംബന്ധിച്ച്.
സൂചന- വിവരാവകാശനിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ

സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം 1, 2- പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ അംഗപരിമിതർക്ക് 1, 34, 67 എന്ന ഔട്ട് ഓഫ് ടേണുകൾ യഥാക്രമം i) Blind or Low vision, ii) Hearing impairment, iii) Locomotor disability or Cerebral Palsy എന്നീ വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാർക്കായി നിശ്ചയിച്ചുകൊണ്ട് 6.5.2017 ലെ G.O(P)No.8/17/SJD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രവണവൈകല്യ വിഭാഗം/ അസ്ഥിവൈകല്യ വിഭാഗം, കാഴ്ച വൈകല്യ വിഭാഗം എന്നീ വിഭാഗങ്ങൾ മാത്രം അർഹരായ തസ്തികകളിലെ നിയമനം സംബന്ധിച്ച് നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടില്ല

ചോദ്യം 3- ടി ചോദ്യം വിവരാവകാശ നിയമ പ്രകാരം വിവരം എന്ന നിർവ്വചനത്തിൽപ്പെടുന്നതല്ല

ചോദ്യം 4- താങ്കൾ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പിനായി പേജൊന്നിന് 2 രൂപ നിരക്കിൽ 3 പേജുകൾക്ക് 6 രൂപ "0070 -60-118-99-Receipts under RTI Act 2005" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ ഹാജരാക്കുവാൻ താല്പര്യപ്പെടുന്നു.

ചോദ്യം 5- ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല ഇത് സംബന്ധിച്ച വിവരങ്ങൾ വല്ലതും ലഭ്യമെങ്കിൽ ആയത് താങ്കൾക്ക് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റ്, സംസ്ഥാന വികലാംഗ കമ്മീഷണറുടെ ഓഫീസ് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് താഴെ പറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം-
ശ്രീമതി.കെ.എം.ലീലാമണി,
അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
PH-0471 - 2518373.

വിശ്വസ്തതയോടെ,

എൻ.എ.അബ്ദുൾ റഷീദ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

പകർപ്പ്-സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം

KL36226132714

17801/86-1

പ്രേഷിതൻ:

മൈക്കിൾ ജോൺ,
കൊന്നയ്ക്കപ്പള്ളി,
അവലൂക്കുന്നു.പി.ഒ., ആലപ്പുഴ

സ്വീകർത്താവ്:

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

സാമൂഹ്യ നീതി വകുപ്പ് 31 AUG 2017 ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2005-ലെ വിവരാവകാശ നിയമം പ്രകാരം താഴെ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1 . 1996- ലെ **PWD Act** -ലെ ശുപാർശ പ്രകാരം ശ്രവണവൈകല്യവിഭാഗം/അസ്ഥിവൈകല്യ വിഭാഗം എന്നീ വിഭാഗങ്ങൾ മാത്രം അർഹരായ തസ്തികകളിൽ നിയമനം നടത്തുമ്പോൾ നൂറ് പോയിന്റ് റോസ്റ്ററിൽ ഏതെല്ലാം ക്രമനമ്പരിലാണ് ടി വിഭാഗങ്ങളിൽ ഉള്ളവർക്ക് നിയമനശുപാർശ നൽകേണ്ടത് ? ഇതു സംബന്ധിച്ച കെ.പി.എസ്.സി. യ്ക്ക് ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

2. 1996- ലെ **PWD Act** -ലെ ശുപാർശ പ്രകാരം കാഴ്ചവൈകല്യവിഭാഗം/അസ്ഥിവൈകല്യവിഭാഗം എന്നീ വിഭാഗങ്ങൾ മാത്രം അർഹരായ തസ്തികകളിൽ നിയമനം നടത്തുമ്പോൾ നൂറ് പോയിന്റ് റോസ്റ്ററിൽ ഏതെല്ലാം ക്രമനമ്പരിലാണ് ടി വിഭാഗങ്ങളിൽ ഉള്ളവർക്ക് നിയമന ശുപാർശ നൽകേണ്ടത്? ഇതു സംബന്ധിച്ച് കെ.പി.എസ്.സി. യ്ക്ക് ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ട മേൽ പറഞ്ഞ നിയമനങ്ങളിൽ ഗവൺമെന്റിന്റെ വ്യക്തമായ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇല്ലാതെ കെ.പി.എസ്. സി. യ്ക്ക് നിയമന ശുപാർശ നൽകുവാൻ സാധിക്കുമോ ? സാധിക്കുമെങ്കിൽ ഏത് ചട്ടത്തിന്റെ/നിയമത്തിന്റെ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ? ഇവയുടെ പകർപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

4. G.O. (M.S.) No. 37/2011/SWD dt. 2/08/2011 ലെ ഉത്തരവിന്റെ പകർപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

5. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് വിളിച്ചുകൂട്ടിയ 7/09/2012-ലെ എക്സ്പേർട്ട് കമ്മറ്റിയുടെ മീറ്റിംഗിന്റെ പകർപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക .

എന്ന്,

29/08/2017

വിശ്വസ്തതയോടെ,

മൈക്കിൾ ജോൺ

31/8/17